മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്ത പത്രിക | 2025 നവംബർ - ഡിസംബർ



# പുതുവർഷം

## പുതിയപ്രതീക്ഷകൾ



Congratulations

# Wedding

30/11/2025

**Nivin Antony**

**Ashna Austine**

Congratulations

# Wedding

28/12/2025

**Gejoy K George**

**Roshna Roy**






# സ്വസ്തി

2025 നവംബർ– ഡിസംബർ

രക്ഷാധികാരി

**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ

**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ

**ഫിലോമിന ജോഷി**

പത്രാധിപസമിതി

**ജോസ് ഡിക്സൺ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, ജിനി ബാറ്റൺ,**
**ഷാൾട്ടൻ കൊറയ, ജോയൽ ജോണി**

ഉപദേശക സമിതി

**റവ. ഫാ. ആൽബിൻ തോമസ് ഒ.സി.ഡി.**
(സഹവികാരി)

**കെ.ജെ. ബെനഡിക്ട്**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)

**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)

## അകത്താളുകളിൽ

എഡിറ്റോറിയൽ
ഇടയമൊഴി
മദർ ഏലീശ്വ
സാത്താൻ ഭയപ്പെടുന്ന ഏഴ് കാര്യങ്ങൾ
കഥ പറയുന്ന ഫോട്ടോഫ്ളക്സുകൾ
ആത്മവിലാപങ്ങൾ
മഞ്ഞുമ്മലമ്മ
ഇടവക വാർത്തകൾ

Layout : **L.F. Press, Manjummel**
Cover Design : **Fr. Albin Thomas OCD**

എഡിറ്റോറിയൽ





# PAUSE BEFORE YOU POST

**വാ**വിട്ട വാക്കും കൈവിട്ട കല്ലും തിരികെ എടുക്കാനാവുമോ? സമൂഹ മാധ്യമങ്ങളിൽ അഭിപ്രായങ്ങളും ആരോപണങ്ങളും കുറ്റപ്പെടുത്തലുകളും എറിയും മുമ്പ്, എഴുതിവിടും മുമ്പ്, നാം ഒരു നിമിഷം ആലോചിക്കണം എന്നത് പുതുവർഷ സന്ദേശമായി ഇപ്പോൾ പ്രചരിക്കുന്നു.

ആരും മേൽനോട്ടത്തിനില്ലാത്ത അഥവാ റീ ചെക്ക് ചെയ്യാത്ത ഈ ഭ്രമാത്മക മാധ്യമ ലോകത്തു കുറിക്കപ്പെടുന്ന വാക്കുകൾക്കും ചിത്രങ്ങൾക്കും അഭിപ്രായങ്ങൾക്കും ജീവന്റെ വിലയുണ്ട്. വസ്തുതകളല്ല വികാരമാണ് ഇവിടെ കാര്യങ്ങൾ തീരുമാനിക്കുന്നത്.

കിഴക്കൻ റഷ്യയിലെ ഗ്രാമങ്ങളെ ഉക്രയിൻ ആക്രമിക്കുന്നതായി വ്യാജമായി പ്രചരിച്ച വീഡിയോ ആണ് റഷ്യ-ഉക്രയിൻ യുദ്ധത്തിലേക്ക് നയിച്ചത്. 760 കുട്ടികൾ ഉൾപ്പെടെ പതിനായിരത്തോളം മനുഷ്യർ യുദ്ധത്തിൽ ഇല്ലാതായി. അടുത്തിടെ കേരളത്തിൽ പ്രചരിച്ച ഒരു വീഡിയോ പോസ്റ്റും തുടർന്ന് നടന്ന ആത്മഹത്യയും അറസ്റ്റും എത്ര കുടുംബങ്ങളെയാണ് ദു:ഖത്തിലാഴ്ത്തിയത്.

കേവലം ലൈക്കിനും ഷെയറിനും വേണ്ടി നടത്തുന്ന ഈ കോപ്രായങ്ങൾ കണ്ണീരിലേക്കും ചോരയിലേക്കും നയിക്കുന്നു. എന്നാൽ, നന്മയുടെ ഉദ്ദേശ്യം മാത്രം മുൻനിറുത്തി അത്ഭുതങ്ങൾ കാട്ടാനാവുന്ന തലമാണ് സമൂഹ മാധ്യമം.

ലൈക്കും ഷെയറും സാമ്പത്തിക നേട്ടവും പ്രതീക്ഷിക്കേണ്ടതില്ല എന്ന് മാത്രം. ഈ നിർമിത ബുദ്ധിയുടെ കാലത്തെ, "സത്യാനന്തരയുഗം (post truth era)" എന്ന് ചിന്തകർ വിശേഷിപ്പിക്കുന്നു. അതിനു പ്രധാന കാരണം അസത്യത്തെ സത്യമാക്കുന്ന കീഴ്വഴക്കങ്ങളാണ്. "ഞങ്ങൾക്ക് ബറാബാസിനെ മതി" എന്നലറിയവരുടെ പിൻഗാമികൾ എന്ന് നാം തെളിയിച്ചുകൊണ്ടേയിരിക്കുന്നു.

**ജയ്സൺ റ്റി. ജോൺ,**
ചീഫ് എഡിറ്റർ




# ഇടയമൊഴി




ഒരു വർഷം കൂടി കടന്നുപോയി. ഒപ്പം പുതിയ പ്രതീക്ഷകളും പ്രത്യാശയും നിറഞ്ഞ പുതിയ വർഷത്തിലേക്ക് നാം പ്രവേശിച്ചു. കുറെ പുതിയ തീരുമാനങ്ങളും എടുത്തു... ഓരോ വർഷവുംഎടുക്കുന്ന തീരുമാനങ്ങൾ വർഷാന്ത്യം ഒന്ന് പുന:പരിശോധിക്കുന്നത് നല്ലതാണ്. നടപ്പിലാക്കിയത്, നടപ്പിലാക്കാൻ പറ്റുമായിരുന്നിട്ടും ലാഘവ ത്തോടെ കണ്ട് നടപ്പിലാക്കാതിരുന്നത്. ഒരിക്കലും നടപ്പിലാക്കാൻ പറ്റില്ല എന്നറിഞ്ഞിട്ടും എടുത്ത തീരുമാനം... പോയതൊക്കെ പഴയത്. ഇനി പുതിയ തുടക്കം നന്ദി നിറഞ്ഞ മനസ്സോടെ ആവണം..... കാരണം ഈ വർഷം കാണാതെ പോയ ഒരു പാടു പേർ നമ്മുടെ ചുറ്റുമുണ്ട്... നമ്മെ ദൈവം കരുതലോടെ കാത്തു പരിപാലിച്ചു. ആപത്തുകളിൽ നിന്ന് സംരക്ഷിച്ചു..നമുക്ക് പ്രതീക്ഷയിൽ ജീവിക്കാം. പുതിയ വിചാരങ്ങളാലും ചിന്തകളാലും ഭാവി പരിപാടികൾ ആസൂത്രണം ചെയ്തു കൊണ്ട് ദൈവവിളിക്കനുസരിച്ചു ജീവിതം നയിക്കാം. അങ്ങനെ ഉള്ള ജീവിതങ്ങളാണ് ക്രിസ്തു കേന്ദ്രീകൃതമായ ജീവിതമാവുക. അവന്റെ പ്രകാശത്തിന്റെ കിരണങ്ങൾ ആയി നാം മാറി ചുറ്റുമുള്ളവർക്ക് പ്രകാശം നൽകാൻ തക്കവിധം അഗ്നിയിൽ സ്ഫുടം ചെയ്ത സ്വർണം പോലെ വിശ്വാസ ജീവിതം ആഴപ്പെടുത്തി നമ്മുടെ ജീവിതം രൂപപ്പെടുത്തി എടുക്കുന്നതിനു ഈ പുതു വർഷത്തിൽ നമുക്ക് സാധ്യമാകട്ടെ. എല്ലാവർക്കും നന്മ നിറഞ്ഞ ആശംസകൾ!

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**
വികാരി





# ഒന്നൂടെ തുടങ്ങാം.........


**ജീ**വിതത്തിൽ അവസരങ്ങൾ നമുക്ക് ഒരുപാടുണ്ട്. നഷ്ടമായ അവസരങ്ങളെക്കുറിച്ച് ഖേദിക്കാത്തവർ വിരളമാണ്. നല്ല ഒരു തീരുമാനം എടുത്തിരുന്നെങ്കിൽ കുറച്ചുകൂടി നന്നായി ജീവിച്ചിരുന്നെങ്കിൽ, കുറച്ചുകൂടി പ്രാർഥിച്ചിരുന്നെങ്കിൽ വിശുദ്ധിയിൽ ജീവിച്ചിരുന്നെങ്കിൽ എന്ന് പലപ്പോഴും നമ്മൾ ചിന്തിക്കാറുണ്ട്. അത്തരം ചിന്തകൾ നമ്മെ നിരാശപ്പെടുത്തേണ്ടതില്ല, തളർത്തേണ്ടതില്ല, കാരണം നമ്മുടെ ദൈവം ഉപേക്ഷിക്കുന്ന ദൈവമല്ല, വീണ്ടും അവസരം നൽകുന്ന ദൈവമാണ്. ഏദൻതോട്ടത്തിലും, ..... യോനയുടെ ജീവിതത്തിലും, പത്രോസിന്റെ വീഴ്ചയിലും നാം കാണുന്നത് ഇതാണ്. വഴിതെറ്റിയവരെ തള്ളുന്നില്ല, മറിച്ച് സ്നേഹത്തിന്റെ കയറുകൊണ്ട് തിരിച്ചുകൊണ്ടുവന്ന് വീണ്ടെടുക്കുന്നവനാണ് നമ്മുടെ ദൈവം.

നമ്മുടെ അവിശ്വസ്തതയേക്കാൾ വലുതാണ് അവിടുത്തെ വിശ്വാസം. അതിനാൽ ഈ പുതിയ വർഷം ദൈവം നല്കുന്ന അവസരത്തെ അനുഗ്രഹമായിക്കണ്ട് പ്രത്യാശയോടെ നമുക്ക് നടന്നു നീങ്ങാം. എല്ലാം ദൈവത്തിനു വിട്ടുകൊടുക്കാം... ദൈവത്തെ സ്നേഹിക്കാം...

**ആൽബിനച്ചൻ**
സഹവികാരി



# മദർ ഏലീശ്വ



സി. നീന CTC

ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ സ്ത്രീ സമൂഹത്തിന്റെ സ്ഥാപകയായ മദർ ഏലീശ്വാ വാകയിൽ, തന്റെ ജീവിതം ദൈവത്തിന് സമർപ്പിച്ചത് അതുല്യമായ ഭക്തിയോടും സ്ഥിരോത്സാഹത്തോടും കൂടിയാണ്.

ദൈവം എന്ന മൂന്ന് അക്ഷരം മാത്രമായിരിക്കണം നമ്മുടെ ആഗ്രഹത്തിന്റെ ഏക വിഷയം എന്ന മുദ്രാവാക്യത്തിൽ തന്റെ ജീവിതത്തെ ഏലീശ്വാമ്മ തളച്ചിട്ടു.

ക്രിസ്തുവിനോടുള്ള അഭിനിവേശവും മനുഷ്യത്വത്തോടുള്ള അനുകമ്പയും മദർ ഏലീശ്വാ സ്വീകരിച്ചപ്പോൾ, സൃഷ്ടി, മാനവികത, ചരിത്രം എന്നിവയേക്കാൾ ദൈവത്തിന് ഒന്നാം സ്ഥാനം നല്കി ഉയർത്തികാണിക്കാൻ ഏലീശ്വാമ്മ പരിശ്രമിച്ചു.

ഈ ആത്മീയതയിൽ തന്റെ ജീവിതവും ഉത്തരവാദിത്വങ്ങളും ഉറപ്പിച്ചു നിർത്തി. മദർ ഏലീശ്വായുടെ വിശ്വാസം വാക്കുകളിൽ മാത്രമായിരുന്നില്ല, മറിച്ച് വ്യക്തിപരമായ അനുതാപത്തിലൂടെയും സമൂഹത്തിനായുള്ള സേവനത്തിലൂടെയും കാഴ്ചവച്ചു. തന്റെ സേവനം ദുർബലരായ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ ദൈവത്തിലുള്ള വിശ്വാസം ഏലീശ്വാമ്മയ്ക്ക് ഉൾക്കാഴ്ച നൽകി.

ഏലീശ്വാമ്മയുടെ ജീവിതം എല്ലാ വിശുദ്ധരെയും പോലെ പൂമെത്ത നിറഞ്ഞതായിരുന്നില്ല. വിധവയായ ഏലീശ്വാ അബ്രാഹത്തിന്റെ വിശ്വാസത്തെ അനുകരിച്ച് ദൈവത്തിന്റെ വിളിക്ക് പരിശുദ്ധ അമ്മയെ പോലെ ഉത്തരമരുളി. ദൈവത്തിന് തന്നെത്തന്നെ സമർപ്പിക്കുവാൻ ഒരു പുതിയ സഭയ്ക്ക് തുടക്കം കുറിക്കാൻ ഏലീശ്വാ സ്വയം ദൈവത്തിന് അടിയറ വച്ചു.

ആന്തരീകവും ബാഹ്യവുമായ നിശബ്ദതയിലൂടെയും പ്രാർഥനയിലൂടെയും ദിവ്യകാരുണ്യത്തിനോടുള്ള പ്രേമത്താലും ഏലീശ്വാമ്മ തന്റെ ലക്ഷ്യത്തിനു വേണ്ടിയുള്ള ശക്തി സംഭരിച്ചു കൊണ്ടിരുന്നു. തന്റെ കൂടെയുള്ളവർക്കും ഇതേ ആശയങ്ങൾ നല്കി ദൈവത്തിൽ വളരാൻ പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു.

സമാധാന സമയങ്ങളിൽ മാത്രമല്ല പ്രതികൂല സാഹചര്യങ്ങളിലും ദൈവത്തിലുള്ള ആധികാരികമായ

*കവിത*

# ആത്മവിലാപങ്ങൾ



ഒരാർത്തനാദം കേട്ടു....
അകലെ നിലാ നയനങ്ങളിൽ
നിന്നിടർന്നു വീണതു ചുടുനിണങ്ങൾ!
നോവിന്റെ മിഴിനീർ തുള്ളികൾ!!
അവയൊഴുകി വന്നു നിറഞ്ഞത്
പൊള്ളിക്കരിഞ്ഞയെൻ നെഞ്ചിലേയ്ക്ക്
നിലാവെട്ടം പടർന്ന മുഖമാകെ
കദനങ്ങളേകിയ കരുവാളിപ്പ്....

അനങ്ങാനാവുന്നില്ല! തനിക്കിഷ്ടമുള്ള
പനിനീർമാലകളാൽ ബന്ധിച്ചിരിക്കുന്നു
മക്കളെല്ലാം അരികിലിരുപ്പുണ്ട്
മെഴുതിരി പോലവർ ഉരുകിവാർക്കുന്നു
അവരുടെ തേങ്ങലമർന്നു വീണത്
അലിവേകും അമ്മതൻ കരളിലുള്ളിൽ
പ്രിയതമൻ വിങ്ങിയ വിതുമ്പലമർത്തുന്നു
അരികിലിരുന്നവരുടെ നെടുവീർപ്പുകൾ
നാട്ടുഭാഷ്യത്തിന്റെ സത്കീർത്തി വിളമ്പുന്നു.
ഇതെല്ലാം കണ്ട് ചാരുപ്പടിയിലിരുന്ന്
ഇടനെഞ്ചുരുകി പിടയുന്നയെന്നെ
ആരും കണ്ടതുമില്ല!!
ശുശ്രൂഷകരെത്തി! സ്വപ്ന പേടകത്തിൽ മൂടിയടപ്പ്
സ്വർഗീയതയിലേക്കുള്ള യാത്രയായി
നേടിയതെന്നും കൊണ്ടുപോവാനാവാതെ
തീർത്തും ഒറ്റയ്ക്കുള്ള അന്ത്യപ്രയാണം



**ഷൈല ആന്റണി ചേന്നാട്ട്**

---

വിശ്വാസം, സ്ഥിരോത്സാഹമെന്ന ജീവിതത്തിലൂടെ ഏലീശ്വാ കാണിച്ചു തന്നു.

മദർ ഏലീശ്വായെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചതും തിരുസഭ അവരുടെ സദ്ഗുണങ്ങളെ അംഗീകരിച്ചതും അവരുടെ സഹനശക്തിയ്ക്ക് സാക്ഷ്യം വഹിക്കുന്നു.

എല്ലാ സാഹചര്യങ്ങളിലും എല്ലാ ജീവിതാന്തസ്സിലും ദൈവത്തിൽ ആശ്രയിക്കുന്നതിലൂടെ എല്ലാവർക്കും പ്രത്യാശയിലൂടെ അന്തസ്സാർന്ന ജീവിതം നയിക്കുന്നതിന്റെ മഹത്തായ മാതൃക വാഴ്ത്തപ്പെട്ട മദർ ഏലീശ്വാ നമുക്ക് നൽകുന്നു.

ദൈവത്തിലുള്ള വിശ്വാസം പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയും മറ്റുള്ളവർക്ക് വിശ്വാസത്തിന്റെ വാതിലുകൾ തുറക്കുകയും തലമുറകളെ പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഒരു സാക്ഷ്യ ജീവിതമായി വാഴ്ത്തപ്പെട്ട ഏലീശ്വാമ്മ ഈ നൂറ്റാണ്ടിലും സ്ഥിര പ്രതിഷ്ഠനേടുന്നു.



# സാത്താൻ ഭയപ്പെടുന്ന ഏഴു കാര്യങ്ങൾ

**ക**ത്തോലിക്ക തിരുസഭയുടെയും ദൈവമക്കളുടെയും മുഖ്യശത്രുവാണ് സാത്താനെന്നും, അവന്റെ പ്രലോഭനങ്ങളിൽ വീഴാതിരിക്കുവാൻ നാം ദൈവത്തോട് നിരന്തരം യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കേണ്ടിരിക്കുന്നുവെന്നും ഇറ്റലിയിലെ അറിയപ്പെടുന്ന ബെനഡിക്ടൻ സന്യാസിയും ഭൂതോച്ചാടകനുമായ ഫാ. പെഗിനോ എർണേറ്റി എഴുതിയ 'കാറ്റക്കസസ് ഡി സാറ്റാന,' എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു.

ആ പുസ്തകം ആസ്പദമാക്കി കാത്തലിക് എഡ്യുക്കേഷൻ തിരുസംഘം തലവനായിരുന്ന കർദ്ദിനാൾ പിയോലാഗി സാത്താന് ഒട്ടും ഇഷ്ടമില്ലാത്ത കാര്യങ്ങളെക്കുറിച്ച് വളരെ ചുരുക്കത്തിൽ പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം പറയുന്നത് പിശാചിന് ഇഷ്ടമില്ലാത്ത 7 കാര്യങ്ങളെക്കുറിച്ചാണ്. ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത

ഈ പറയുന്ന 7 കാര്യങ്ങളും ഭൂതോച്ചാടനം അഥവാ ബാധയൊഴിപ്പിക്കൽ അഥവാ exorcism അവസരങ്ങളിൽ പലപ്പോഴായി സാത്താൻ സ്വയം പറഞ്ഞതോ, കർത്താവിന്റെ നാമത്തിൽ അവനെക്കൊണ്ട് പറയിച്ചതോ ആയ കാര്യങ്ങളാണ്.

ഫാ. എർണേറ്റി പിശാചുബാധിതരായവരിൽ നിന്നും പിശാചിനെ പുറത്താക്കുന്ന വേളയിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകർ റെക്കോർഡ് ചെയ്ത് സൂക്ഷിച്ച സാത്താന്റെ തന്നെ വാക്കുളാണ് ഇത്. അത് തികച്ചും ആധികാരികവുമാണ്.

തനിക്ക് ഒട്ടും ഇഷ്ടമില്ലാത്ത 7 കാര്യങ്ങൾ ഏതൊക്കെയാണെന്ന് കേൾക്കാം.

**1. വിശുദ്ധ കുമ്പസാരം**

എന്തൊരു മണ്ടൻ കണ്ടുപിടുത്തം. അത് എനിക്ക് എന്തുമാത്രം നഷ്ടം വരുത്തുവെന്ന് അറിയാമോ? അത് എനിക്ക് വേദനയുണ്ടാക്കുന്നു... എന്നാൽ

കുമ്പസാരത്തിൽ വിശ്വസിക്കാത്തവരായ പാപത്തിന്റെ തെറ്റായ ദൈവത്തെ സ്വീകരിക്കുവാൻ ക്രിസ്ത്യാനികളെ പ്രേരിപ്പിക്കുകയും ചെയ്യുന്ന അനേകം വൈദികരെ ഞാൻ കണ്ടിട്ടുണ്ട്. ഞാൻ അവരെ ഉപയോഗിച്ചുകൊണ്ട് എന്തുമാത്രം ദൈവദൂഷണം ചെയ്യിച്ചിട്ടുണ്ടെന്നോ.

**2. ദിവ്യകാരുണ്യ സ്വീകരണം**

അതിന്റെ മുമ്പിൽ ഞാൻ നിരായുധനാണ് .. അതിനെതിരെ പോരാടാൻ എനിക്ക് ശക്തിയില്ല. ആ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവർ എനിക്കെതിരെ വളരെ ശക്തരായി മാറുന്നു. അവർ എന്റെ പ്രലോഭനങ്ങൾക്കും വശീകരണങ്ങൾക്കും അദൃശ്യരായിത്തീരുന്നു. എന്തു കഷ്ടമാണ് ! എന്തു വേദനാജനകമാണ്. എന്നാൽ ഞാൻ അവരെ ശക്തമായി പീഡിപ്പിക്കും. പലരും ദിവ്യകാരുണ്യം പാപാവസ്ഥയിൽ ഭക്ഷിക്കാനിട വരുത്തും ... അത് എനിക്ക് വളരെ സന്തോഷം തരും ...

**3. ദിവ്യകാരുണ്യ ആരാധന**

വെറുമൊരു കഷണം അപ്പത്തെ ആരാധിക്കുന്നു. എന്തുമാത്രം വിഡ്ഢികളാണ്! മണിക്കൂറുകളോളം മുട്ടിൽ നിന്ന് രാവും പകലും, തെറ്റായ ദൈവത്തിന്റെ അൾത്താരയിൽ ഒരു box ൽ പ്രതിഷ്ഠിച്ച അപ്പക്കഷണത്തെ ആരാധിക്കുന്നത്. ഈ ബോധമില്ലാത്ത ആരാധനയെക്കുറിച്ച് ഞാൻ വളരെ ദേഷ്യത്തിലാണ്.



**4. പരിശുദ്ധ ജപമാല**

ഞാൻ ജപമാലയെ വെറുക്കുന്നു, ആ സ്ത്രീയുടെ (പരി. അമ്മയുടെ) ആ പഴകിയതും തേഞ്ഞതുമായ മാല. ജപമാല ചൊല്ലുന്നത് ചുറ്റിക കൊണ്ട് എന്റെ തലയ്ക്കടിക്കുന്നതുപോലെയാണ്. എന്നെ അനുസരിക്കാതെ ആ സ്ത്രീയെ അനുസരിക്കുന്ന തെറ്റായ ക്രൈസ്തവരുടെ കണ്ടുപിടുത്തമാണ് അത്. ലോകം മുഴുവൻ ഭരിക്കുന്ന ഞാൻ പറയുന്നത് കേൾക്കുന്നതിനുപകരം, അവർ ആ സ്ത്രീയോട് പ്രാർത്ഥിക്കാൻ പോകുന്നു. അതെ, ജപമാല എന്റെ പ്രഥമ ശത്രുവാണ്. അത് എന്നെ വല്ലാതെ മുറിവേൽപ്പിക്കുന്നു.

**5. പരിശുദ്ധ മാതാവിന്റെ പ്രത്യക്ഷീകരണം**

എന്റെ ഏറ്റവും വലിയ വേദന മാതാവ് ലോകം മുഴുവനിലും നൽകികൊണ്ടിരിക്കുന്ന പ്രത്യക്ഷീകരണമാണ്. എല്ലാ രാജ്യങ്ങളിലും അവൾ പ്രത്യക്ഷപ്പെടുകയും എന്നെ പീഡിപ്പിക്കുകയും ചെയ്യുന്നു.

**6. മാർപാപ്പ**

തെറ്റായ രക്ഷകന്റെയും മോചകന്റെയും പേരിൽ കൽപിക്കുന്ന ആ വെള്ള വസ്ത്രം ധരിച്ച മനുഷ്യനോടുള്ള (പോപ്പ്) അനുസരണം എന്നെ വല്ലാതെ നശിപ്പിക്കുന്നു. ആ സ്ത്രീയെ സ്നേഹിക്കുന്ന, ആ മനുഷ്യനെ അനുസരിക്കുക എന്നത് എന്നെ വേദിനിപ്പിക്കുന്നു. എന്തുകഷ്ടമാണ് അവർ ആടുകളെപ്പോലെ, മുയലുകളെപ്പോലെ, കഴുതകളെപ്പോലയാണ്... എത്ര മ്ളേച്ഛമാണ്. മാതാവിനെ സ്നേഹിക്കുകയും ജപമാല തന്റെ ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥനയായി പ്രചരിപ്പിക്കുകയും ചെയ്യുന്ന ആ പോളണ്ടുകാരനായ മനുഷ്യനോട് (പോപ്പ് ജോൺ പോൾ രണ്ടാമൻ) എന്റെ അനുയായികൾക്ക് ദേഷ്യമാണ്.

**7. മിണ്ടാമഠത്തിലെ കന്യാസ്ത്രീകൾ**

തലയൊക്കെ മറച്ച് നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങി തങ്ങൾക്കുള്ളതെല്ലാം ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കുന്ന ആ സേവകരെക്കുറിച്ച് ഞാൻ വളരെ ആകുലനാണ്. രാവും പകലും , അവർ ത്യാഗം സഹിക്കുന്നു, അവർ സംസാരം പോലും ഉപേക്ഷിച്ച്, പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുന്നു. ഞാൻ ആ മിണ്ടാമഠത്തിലെ സന്യാസിനികളെക്കുറിച്ച് ഭയചകിതനാണ്, ഭീകരമായ പേടിയിലാണ്. അവർ വളരെ നിർദ്ദയരായ, തീക്ഷ്ണതയുള്ള ശത്രുക്കളാണ്. പല അവസ്ഥയിലും പല തരത്തിലുമുള്ള അനേകം ആത്മാക്കളെ അവർ എന്റെ കൈയിൽനിന്നും പിടിച്ചുവാങ്ങുന്നു... അവർ എന്തുമാത്രം ഭീകരരായ ശത്രുക്കളാണോ! അവരെന്തിനാണ് ആത്മാവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുന്നത്.



# മഞ്ഞുമ്മലമ്മ



**വാ**നിലെ പൂത്തിങ്കൾ പോലെയമ്മ
മാധുര്യമേറുന്ന അമ്മ കന്യാ
ആശകൾ ഉരുകുന്ന ഉള്ളകത്തിൽ
ആധികളെല്ലാം അകറ്റുമമ്മ.
(വാനിലെ പൂത്തിങ്കൾ പോലെ...)

കാരുണ്യനാഥന്റെ ദിവ്യമാതേ
കനിവിന്റെയമ്മേയെൻ ആശ്രയമേ
ഒരുമെഴുതിരിയായി ഉരുകിടുമ്പോൾ
കണ്ണീർ തുടയ്ക്കുവാൻ വരിക തായേ.
(വാനിലെ പൂത്തിങ്കൾ പോലെ...)

വിമലാംബികേയെന്നും പ്രാർത്ഥിക്കണേ
ജപമാല മണികളിൽ അഭയമേകൂ
കണ്ണീരിൽ അർച്ചന പുഷ്പങ്ങൾ ഞാൻ
അമ്മ തൻ ചരണത്തിൽ അർപ്പിച്ചിടാം.
(വാനിലെ പൂത്തിങ്കൾ പോലെ...)

മാലാഖമാരുടെ റാണി നീയെ
പുത്രനാം ദൈവത്തിൻ ദിവ്യമാതേ
കുടുംബങ്ങളിൽ പുണ്യദീപമായ് നീ
പ്രഭചൊരിയൂ പൊന്നിൻ മണിവിളക്കായ്.

വാനിലെ പൂത്തിങ്കൾ പോലെയമ്മ
മാധുര്യമേറുന്ന അമ്മ കന്യാ
ആശകൾ ഉരുകുന്ന ഉള്ളകത്തെ
ആധികളെല്ലാം അകറ്റുമമ്മ.



**സൂസി സാംസൺ, ഏർണാട്ട്**
ക്രൈസ്റ്റ് ദി കിംഗ് ബി
ഫാമിലി യൂണിറ്റ്



# കഥ പറയുന്ന ഫോട്ടോഫ്ളക്സുകൾ

നേർത്തു പെയ്യുന്ന മഴയിൽ അയാൾ ധൃതിയിൽ ആ പള്ളി ജംഗ്ഷനിലേയ്ക്ക് നടന്നു. രാവിലെ 6 മണിയേ ആയിട്ടുള്ളു. വഴിയിൽ തിരക്കുകൾ കുറവായിരുന്നു. അതിരാവിലെ തുറക്കുന്ന ചായക്കടകളും അമ്പലത്തിലേയ്ക്കും പള്ളിയിലേക്കും മറ്റും പോവുന്ന ആളുകളും വല്ലപ്പോഴും കടന്നുപോവുന്ന വണ്ടികളും ഒഴിച്ചാൽ റോഡ് തീർത്തും വിജനമായിരുന്നു.

അയാൾ പള്ളി ജംഗ്ഷനിൽ എത്തുമ്പോഴേയ്ക്കും മഴ ശക്തി പ്രാപിച്ചിരുന്നു. പള്ളിയുടെ ചുറ്റുമതിലിന് എതിരെയുള്ള ബസ് സ്റ്റോപ്പിൽ മഴയും നോക്കി നിൽക്കുമ്പോൾ അയാളിൽ പല ഓർമകളും കടന്നുപോയി.

പള്ളിയുടെ മുമ്പിലെ ആ ചുറ്റുമതിലിലായിരുന്നു ഇടവകയിലെ ആരു മരിച്ചാലും ഫോട്ടോഫ്ളെക്സുകൾ തൂക്കിയിരുന്നത്. നമുക്ക് അറിയാവുന്ന ആരെല്ലാം നമ്മെ വിട്ട് പോയി എന്ന് അറിയാൻ ആ വഴിക്ക് പോവുമ്പോഴും വരുമ്പോഴും ആ മതിലിൽ ആകാംക്ഷയോടെ നോക്കുന്നത് അയാളുടെ സ്ഥിരം ശീലമായിരുന്നു.

ഓരോ ഫോട്ടോ ഫ്ളെക്സിനും അത് വെറും മരിച്ചവരുടെ ഫോട്ടോ മാത്രമായിരുന്നില്ല. ഓരോ ജീവിതവും പറയാനുണ്ടായിരുന്നു. നിശബ്ദമായി നമുക്ക് ഓരോ തിരിച്ചറിവുകൾ നല്കാനുണ്ടായിരുന്നു.

എന്നെങ്കിലും ഒരിക്കൽ തന്റെ ഫോട്ടോയും തൂങ്ങാനുള്ള സ്ഥലമാണ് ഇത് എന്ന് അയാൾ എന്നും കരുതുമായിരുന്നു. അയാൾ അങ്ങനെയായിരുന്നു. സിമിത്തേരിയിൽ പ്രാർഥനയ്ക്ക് ചെല്ലുമ്പോൾ ഇതിൽ ഒരു അറയിൽ താനും കിടക്കേണ്ടതാണ് എന്ന ഒരു ഓർമ എന്നും അയാളിൽ വന്നു നിറയുമായിരുന്നു.

റോഡിൽ വാഹനങ്ങളുടേയും ആളുകളുടേയും തിരക്ക് കൂടി വന്നതും, മഴയുടെ ശക്തി കുറഞ്ഞ് ചാറ്റൽ മഴയായി മാറിയതും ഒന്നും അയാൾ അറിഞ്ഞില്ല. ആരെയോ പ്രതീക്ഷിച്ച് എന്നപോലെ അയാൾ അവിടെ നിന്നു.

രണ്ടുപേർ കൈയ്യിൽ ഒരു ഫോട്ടോ ഫ്ളെക്സുമായി നടന്നു വരുന്നത് കണ്ട് അയാൾ റോഡ് കുറുകെ കടന്ന് മതിലിനടുത്ത് ചെന്നുനിന്നു.

നേർത്തു പെയ്യുന്ന മഴ ഗൗനിക്കാതെ വന്ന രണ്ടുപേർ കൂടി ഒരു ഫോട്ടോഫ്ളെക്സ് ആ ചുറ്റുമതിലിൽ കെട്ടിവച്ച് നടന്നുപോയി. അയാൾ ആകാംക്ഷയോടെ ആ ഫോട്ടോയിൽ നോക്കി. അതെ, അത് തന്റെ ഫോട്ടോ തന്നെ ആയിരുന്നു. ആ സമയം ആ ചാറ്റൽ മഴയിൽ ഒരു നേർത്ത തണുത്ത കാറ്റ് ആ ഫോട്ടോ ഫ്ളെക്സിനെ തഴുകി കടന്നുപോയി.

**രാജേഷ് ഫ്രാൻസിസ്**

# പള്ളിക്കൊപ്പം പള്ളിക്കൂടം



ഭാരതത്തിന്റെ മഹാ മിഷനറി ആയിരുന്ന ബർണ്ണഡീൻ ബച്ചിനെല്ലിപിതാവ് മുറപ്രകാരമുള്ള 'വിസീത്ത' നടത്താൻ കോട്ടയം പ്രദേശത്തെ പള്ളികൾ സന്ദർശിക്കുന്ന വേളയിൽ മാന്നാനം കൊവേന്തയിൽ ആയിരുന്നപ്പോളാണ് 1856-ൽ വശനത്താലേയും (വചനത്താലെയും) 1857 മാർച്ച് മാസം സർക്കുലറിലൂടെയും പള്ളിക്കൊരു പള്ളിക്കൂടം എന്ന കല്പന പുറപ്പെടുവിച്ചത്. അന്നത്തെ വരാപ്പുഴ വികാരിയത്തിലെ യൂണിറ്റ് ആയിരുന്ന കടുത്തുരുത്തി പള്ളിയിലെ വികാരി ചാണ്ടി കത്തനാർക്കാണ് ഈ കല്പന എഴുതിയത്. ചാണ്ടി കത്തനാർ മെത്രാന്റെ ദപ്പുദാത്ത് (ഡപ്യൂട്ടി) ആയിരുന്നു. ലീഗൽ സൈസിൽ പതിനൊന്നു പേജ് ആയിരുന്നു കല്പന.



*ടീം സ്വസ്തി*



# Baptism

23/11/2025

**Ethan Geo Vineesh**

S/o Vineesh George &
Daly Vineesh

Kothuparambil (H)



Congratulations

# Wedding

11/01/2026

**Sachin**

♥

**Nileena**



Congratulations

Wedding

25-01-2026

**Jithin Joseph**

♥

**Neenu Josy**

Congratulations

Wedding

24-01-2026

**Nivil Boban**

♥

**Teena Jacob**





Congratulations

# Wedding

12/01/2026

**Roger**

♥

**Merlin**

Congratulations

# Wedding

29.11.2025

Akhil Sajan

♥

Sanila Regin Joy



# ഇടവക തിരുനാൾ കൊടികയറ്റം





160-ാം ദർശന തിരുനാളിന് അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ മെത്രാപ്പോലീത്ത കൊടികയറ്റി

## തിരുനാൾ ദിനം





തിരുനാൾ ദിനത്തിൽ വരാപ്പുഴ അതിരൂപത സഹായമെത്രാൻ
അഭിവന്ദ്യ ആന്റണി വാലുങ്കൽ തിരുനാൾ ദിവ്യബലിയിൽ
മുഖ്യകാർമികനായിരുന്നു.



# കരുതിയിരിക്കാം കടുത്തചൂടിനെ

**വേ**നല്ക്കാലമാണ് വരുന്നത്. സൂര്യതാപം, സൂര്യാഘാതം, പകർച്ചവ്യാധികൾ തുടങ്ങിയവ ചൂടുകാലത്തുള്ള വെല്ലുവിളികൾ ഉയരുന്നുണ്ട്. കുടിക്കുന്നത് ശുദ്ധമായ വെള്ളമാണെന്ന് ഉറപ്പുവരുത്തണം. ജലനഷ്ടംമൂലം നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ഇടയ്ക്കിടെ വെള്ളം കുടിക്കണം. ചൂടുമൂലമുള്ള ചെറിയ ആരോഗ്യപ്രശ്നങ്ങൾ പോലും അവഗണിക്കരുത്.

നിർജലീകരണം മൂലം ശരീരത്തിലെ ലവണാംശം കുറയാൻ സാധ്യതയുണ്ട്. ഇതുമൂലം ക്ഷീണവും തളർച്ചയും ബോധക്ഷയം വരെയും ഉണ്ടാകുകയും ചെയ്യുന്നു. ആരോഗ്യസ്ഥിതി മെച്ചപ്പെട്ടില്ലെങ്കിൽ എത്രയും വേഗം ആശുപത്രിയിലെത്തിക്കണം.

ശരീരത്തിലെ താപനില അമിതമായി ഉയരുന്നതിലൂടെ ശരീരത്തിന്റെ ആന്തരിക പ്രവർത്തനം താളം തെറ്റാം. ചൂടുകാരണം അമിത വിയർപ്പും ചർമരോഗങ്ങളും ഉണ്ടാകാം. ശ്രദ്ധിച്ചില്ലെങ്കിൽ മരണം വരെ സംഭവിച്ചേക്കാം.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ❖ തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാൻ ശ്രദ്ധിക്കണം. യാത്രാവേളയിൽ വെള്ളം നാം തന്നെ കരുതുന്നത് നല്ലത്.
- ❖ കടകളിൽ നിന്നും പാതയോരങ്ങളിൽ നിന്നും ജ്യൂസു കുടിക്കുന്നവർ ഇത് ശുദ്ധജലത്തിൽ നിന്നുണ്ടാക്കിയതാണെന്ന് ഉറപ്പുവരുത്തുക.
- ❖ കുടിവെള്ളത്തിന്റെ ശുദ്ധിയും ഉറപ്പുവരുത്തുക.
- ❖ വീട്ടിലെ ചടങ്ങുകളിലും ആഘോഷങ്ങളിലും ഭക്ഷണപാനീയങ്ങൾ തയ്യാറാക്കാൻ ഉപയോഗിക്കുന്ന ഐസ് ശുദ്ധജലത്തിൽ നിന്നുണ്ടാക്കിയതാണെന്ന് ഉറപ്പുവരുത്തുക.
- ❖ നേരിട്ടുള്ള വെയിലേല്ക്കാതിരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുക.
- ❖ കട്ടികുറഞ്ഞതും വെളുത്തതോ ഇളം നിറത്തിലുള്ളതോ ആയ അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുക.
- ❖ 11 മുതൽ മൂന്നരവരെയുള്ള സമയം നേരിട്ടുള്ള വെയിൽ ഏല്ക്കാതിരിക്കാൻ ശ്രദ്ധിക്കുക.
- ❖ ഉപ്പിട്ട കഞ്ഞിവെള്ളം, നാരങ്ങാവെള്ളം, കരിക്കിൻ വെള്ളം തുടങ്ങിയവ ധാരാളമായി കുടിക്കാൻ ശ്രമിക്കുക.

*(വിവരങ്ങൾക്കു കടപ്പാട് : നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യകേരളം)*

ടെക്നോളജി

# കുട്ടിയുടെ കയ്യക്ഷരത്തിൽ ഹോംവർക് ചെയ്തു കൊടുക്കപ്പെടും



സ്കൂൾ കുട്ടികൾക്ക് ഹോം വർക് ചെയ്യാൻ ഇനി എ.ഐ. സഹായം. നിലവിൽ ആ മാർഗം പലരും പരീക്ഷിക്കുന്നുണ്ട്. എന്നാൽ, ഹോം വർക് ചെയ്യാനായി മാത്രം ഒരു വേർഷൻ പുറത്തിറങ്ങുന്നു. ഗൂഗിളിന്റെ പുതിയ നാനോബനാന പ്രോയുടെ ഹോം വർക് ട്യൂൾ സോഷ്യൽ മീഡിയയിൽ ചർച്ചയായി കഴിഞ്ഞു.

ഉപയോക്താവിന്റെ അതേ കൈയക്ഷരത്തിൽ തന്നെ കൃത്യമായി വായിക്കാനും ചിത്രങ്ങൾ ജനറേറ്റ് ചെയ്യാനും നാനോബനാനയ്ക്ക് കഴിയും.

ഉപയോക്താവിന് നല്കിയ പ്രശ്നം പരിഹരിച്ച് അയാളുടെ അതേ കൈയക്ഷരത്തിൽ തന്നെ നാനോബനാന നല്കുകയും ചെയ്തു. നാനോബനാന പ്രോയുടെ ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും മികച്ച ഇമേജ് ജനറേഷന് എ.ഐ. ആണിത് എന്ന അടിക്കുറിപ്പോടെയാണ് ഇക്കാര്യം പ്രചരിച്ചത്.

ചിത്രം വിശകലനം ചെയ്യുകയും അതേ കൈയ്യക്ഷരത്തിൽ തന്നെ ഫലം സൃഷ്ടിക്കുകയും ചെയ്ത രീതി പ്രതീക്ഷകൾക്ക് അപ്പുറമായിരുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മെച്ചപ്പെടുത്തിയ യുക്തിബോധവും തത്സസമയ വിവരങ്ങളും ഉപയോഗിച്ച് കൂടുതൽ കൃത്യതയുള്ളതും സന്ദർഭോചിതവുമായ പ്രതികരണങ്ങൾ നല്കാൻ ഈ ടൂൾ പരിശീലനം നേടിയുണ്ട്.

ഗൂഗിൽ എ.ഐ. സ്റ്റുഡിയോ, വെർട്ടെക്സ് എ.ഐ. തുടങ്ങിയവയിലും നാനോ ബനാനപ്രോ സംയോജിപ്പിച്ചിട്ടുണ്ട്. നാനോബനാന എന്നത് ഗൂഗിളിന്റെ ജെമിനി എ.ഐ. യിലെ ഇമേജ് ജനറേഷൻ ടൂളാണ്.

# കാർട്ടൂൺ



**കണ്ണുപൊത്തിക്കളിയിൽ ഈശോ എപ്പോഴും ജയിക്കുന്നു, കാര്യമറിയാല്ലോല്ലേ!**

---



***"എനിക്ക് യേശുക്രിസ്തുവിനെ***
***കാണാനാണ് ഏറ്റവും ആഗ്രഹം.***
***രണ്ടാമതും ആകാശത്തിൽ***
***വീണ്ടും വരും.***
***അതിനായി ഞാൻ***
***കാത്തിരിക്കുകയാണ്."***

**സംഗീത പ്രതിഭ എ.ആർ. റഹ്മാൻ**

# ഇടവക തിരുനാൾ 2025



ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ 160-ാം ദർശന തിരുനാൾ ഒരുക്ക നൊവേന നവംബർ 23-ാം തീയതി ആരംഭിച്ച് വൈകീട്ട് 5.30ന് ദിവ്യബലി പ്രസംഗം, നൊവേന, തിരി പ്രദക്ഷിണം, ദിവ്യകാരുണ്യ ആശീർവ്വാദം എന്നീ തിരുക്കർമ്മങ്ങളോടുകൂടി ഡിസംബർ 1 വരെ നടത്തപ്പെട്ടു.

## തിരുനാൾ കൊടികയറ്റം





ഡിസംബർ 2-ാം തീയതി വൈകീട്ട് 5.30ന് മാതാവിന്റെ 160-ാം ദർശനതിരുനാളിന് അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ മെത്രാപ്പോലീത്ത കൊടികയറ്റി. തുടർന്ന് ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി. വചന പ്രഘോഷണം ഫാ. സ്റ്റാൻലി മാതിരപ്പിള്ളി. അന്നേ ദിവസം വിശ്വാസ പരിശീലന ദിനമായി ആഘോഷിച്ചു. വിശ്വാസ പരിശീലന വിഭാഗം വായന, വിശ്വാസികളുടെ പ്രാർഥന, കാഴ്ചവയ്പ്പ് എന്നിവയ്ക്ക് നേതൃത്വം നല്കി.

## താക്കോൽദാന കർമം നിർവഹിച്ചു.

തിരുനാൾ കമ്മറ്റി പണിതുകൊടുത്ത ഭവനവും ഇടവക പണിതുകൊടുത്ത ഭവനത്തിന്റെയും ആശിർവ്വാദകർമം ഡിസംബർ 2-ാം തീയതി രാവിലെ നടത്തി.





കൊടികയറ്റത്തോടനുബന്ധിച്ചുള്ള ദിവ്യബലിക്കുശേഷം **അഭിവന്ദ്യ പിതാവ് ജോസഫ് കളത്തിപ്പറമ്പിൽ** ഭവനങ്ങളുടെ താക്കോൽ അർഹരായവർക്ക് കൈമാറിയപ്പോൾ

**3–12–2025 പ്രേഷിത ദിനം –** ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളായി ആഘോഷിച്ചു. വനിതകളാണ് വിശുദ്ധന്റെ രൂപം പ്രദക്ഷിണമായി വഹിച്ചത്.



**4–12–2025 ഇടവക ദിനത്തിൽ**

ഇടവക മക്കളുടെ മെഗാഷോ ഉണ്ടായിരുന്നു.





5-12-2025 യുവജനദിനം. അന്നേദിനം 7 ഇടവകകളിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്ത Feet on Fire & സീസൺ വൺ ഡാൻസ് കോമ്പറ്റീഷൻ നടത്തുകയും വിജയികൾക്ക് ക്യാഷ് പ്രൈസും എവർറോളിങ്ങ് ട്രോഫിയും നൽകി. 6-12-2025 കുടുംബദിനമായി ആഘോഷിച്ചു.

## കർമലീത്താ ദിനം



7-12-2025 കർമലീത്ത ദിനമായി ആഘോഷിച്ചു. അന്നേദിനം ദിവ്യബലിയിൽ പ്രൊവിൻഷ്യാൾ **റവ.ഡോ. അഗസ്റ്റിൻ മുല്ലൂർ ഒ.സി.ഡി.** മുഖ്യ കാർമികനായിരുന്നു. തുടർന്ന് പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം കൈകളിൽ വഹിച്ചുകൊണ്ടാണ് മുട്ടാർ ഫാത്തിമ മാതാ ദേവാലയം വരെ പട്ടണ പ്രദക്ഷിണം നടത്തിയത്.

## തിരുനാൾ ദിനം

8-12-2025 തിരുനാൾ ദിനത്തിൽ വരാപ്പുഴ അതിരൂപത സഹായമെത്രാൻ **അഭിവന്ദ്യ ആന്റണി വാലുങ്കൽ** തിരുനാൾ ദിവ്യബലിയിൽ മുഖ്യകാർമികനായിരുന്നു. കുരിശ്പള്ളി വരെ പ്രദക്ഷിണം ഉണ്ടായിരുന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുസ്വരൂപം സ്ത്രീകളാണ് കൈകളിൽ വഹിച്ചത്.





9-12-2025 മുതൽ 15-12-2025 എട്ടാമിടം വരെ വൈകിട്ട് 5.30ന് ദിവ്യബലി, പ്രസംഗം എന്നിവ ഉണ്ടായിരുന്നു. ഡിസംബർ 14-ന് ചേരാനല്ലൂർ കടവ് വരെയും മാതാവിന്റെ തിരുസ്വരൂപം കൈകളിൽ വഹിച്ചുകൊണ്ടുള്ള ആഘോഷമായ പ്രദക്ഷിണം ഉണ്ടായിരുന്നു.

## ദമ്പതീ സംഗമം

2025 ഡിസംബർ 14-ാം തീയതി ഞായറാഴ്ച എറണാകുളം പാപ്പാളി ഹാളിൽ വച്ച് നടന്ന ജൂബിലി ആഘോഷിക്കുന്ന ദമ്പതിമാരുടെ സംഗമത്തിനു നമ്മുടെ ഇടവകയിൽ നിന്നും 25-ഉം 50-ഉം വിവാഹ വർഷം പൂർത്തിയാക്കിയ ദമ്പതി മാർ പങ്കെടുത്തു. പങ്കെടുത്ത ദമ്പതിമാർക്ക് അഭിനന്ദനങ്ങൾ നേരുന്നു.

## നതാലിയ 2025



ഇടവകയിലെ വിശ്വാസ പരിശീലന പി.റ്റി.എ. അംഗങ്ങൾ സംഘടിപ്പിച്ച ക്രിസ്തുമസ് കരോൾ നതാലിയ 2025, 23-ാം തീയതി വൈകീട്ട് 6 മണി മുതൽ 10 മണി വരെ 100 കണക്കിന് പപ്പാഞ്ഞികൾ അണിനിരന്ന് മഞ്ഞുമ്മലിന്റെ വീഥികളിൽ വിസ്മയം തീർത്തു. പ്രായഭേദമെന്യേ സ്ത്രീകളും പുരുഷന്മാരും കുട്ടികളും ഈ പരിപാടിയിൽ പങ്കെടുത്തു. നയന മനോഹരവും കാതിന് കുളിർമയേകിയതുമായിരുന്നു ഈ പരിപാടി.

ഇടവകയിലെ ക്രിസ്തുമസ് കുർബ്ബാനയ്ക്ക് വിശ്വാസപരിശീലന വിഭാഗം നേതൃത്വം നൽകി. ക്രിസ്തുമസ്സ് ദിവ്യബലിക്കുശേഷം ആൽബിനച്ചന്റെ നേതൃത്വത്തിൽ മതബോധന വിഭാഗം ഒരുക്കിയ ക്രിസ്തുമസ്സിന്റെ സന്ദേശം ഷാഡോ പ്ലെയും മതബോധന വിഭാഗത്തിലെ കുട്ടികളുടെ ഡാൻസും ഉണ്ടായിരുന്നു.

## ദമ്പതിമാരുടെ ജൂബിലി സംഗമം



2025 ഡിസംബർ 28-ാം തീയതി ഞായറാഴ്ച തിരുകുടുംബത്തിന്റെ തിരുനാൾ ദിവസം ഇടവകയിലെ വിവാഹത്തിന്റെ 25ഉം, 50ഉം വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികൾക്കായി രാവിലെ 9-ന് ദിവ്യബലിയിലർപ്പിക്കുകയും ദമ്പതികളുടെ വിവാഹവ്രത നവീകരണം നടത്തുകയും ദമ്പതികളെ ആദരിക്കുകയും ചെയ്തു.

# പ്രാർഥനാശംസകൾ



സെന്റ് സെബാസ്റ്റ്യൻ ബി കുടുംബ യൂണിറ്റംഗം മുക്കത്ത് ജോർജിന്റെയും സോണി ജോർജിന്റെയും മകൻ ആൻസൻ ആന്റണി 31-12-2025-ൽ അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിൽ നിന്നും വൈദീക പട്ടം സ്വീകരിച്ചു. ജനുവരി 1-ാം തീയതി അച്ചന്റെ പ്രഥമ ദിവ്യ ബലിയർപ്പണം ഇടവകയിൽ വച്ച് നടത്തുകയുണ്ടായി. ഇടവകയുടെ പുത്രനായ ബഹുമാനപ്പെട്ട ഫാ. ആൻസൻ മുക്കത്ത് ഒ.സി.ഡി.-യുടെ പ്രഥമ ദിവ്യബലിയർപ്പണത്തിനായി സെന്റ് സെബാസ്റ്റ്യൻ കപ്പേളയിൽ നിന്നും വളരെ ആഘോഷത്തോടെ ദേവാലയമുറ്റത്ത് എത്തിച്ചേരുകയും ദേവാലയത്തിന് മുന്നിൽ വച്ച് സ്വീകരണത്തിനുശേഷം പ്രഥമ ദിവ്യ ബലിയർപ്പണത്തിനായി ദേവാലയത്തിലേക്ക് ആനയിക്കുകയും ചെയ്തു.

## ന്യൂ ഇയർ 2026

ന്യൂ ഈയറിനോടനുബന്ധിച്ച് 31-12-2025 രാത്രി 11.30ന് ആരാധനയും തുടർന്ന് ദിവ്യബലിയും ഉണ്ടായിരുന്നു. അസിസ്റ്റന്റ് വികാരി ഫാ. ആൽബിൻ തോമസ് ഒ.സി.ഡി. മുഖ്യകാർമികനായിരുന്നു. വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി വചന പ്രഘോഷണം നടത്തി. കേന്ദ്രസമിതിയും കുടുംബയൂണിറ്റ് ഭാരവാഹികളുമാണ് ദിവ്യബലിക്ക് നേതൃത്വം നൽകിയത്. ദിവ്യബലിയെ തുടർന്ന് വൈദീകർ ഇടവക ജനങ്ങൾക്ക് കൈനീട്ടം നൽകി. തുടർന്ന് പി.റ്റി.എ പുറത്തിറക്കിയ കൂപ്പണിന്റെ നറുക്കെടുപ്പും സമ്മാന വിതരണവും നടത്തി.

# അഭിനന്ദനങ്ങൾ...!



എം.എസ്.സി. മെഡിക്കൽ സർജിക്കൽ നേഴ്സിംഗിൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഒന്നാം റാങ്ക് കരസ്ഥമാക്കിയ **ട്രീസ ഐറിൻ എം.ജെ.**

സെന്റ് സെബാസ്റ്റ്യൻ എ കുടുംബയൂണിറ്റിലെ ജോസഫ് എം.പി.യുടെയും ബെറ്റി ജോസഫിന്റെയും മകളായ ട്രീസ ഐറിന് ഇടവകയുടെ അഭിനന്ദനങ്ങൾ...!!!



## വിശുദ്ധ ഔസേപ്പിതാവിന്റെ തിരുനാൾ കമ്മിറ്റി അംഗങ്ങൾ

2026 ജനുവരി 11 രാവിലെ 9 മണിയുടെ ദിവ്യബലിക്ക് ശേഷം കാർമൽ ഹാളിൽ വച്ച് വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ കമ്മിറ്റിയെ തിരഞ്ഞെടുത്തു.

**കൺവീനർ** - വർഗീസ് പുളിക്കൽ
**ജോയിന്റ് കൺവീനർ** - ഷൈൻ ജോസഫ് ചക്കാലക്കൽ
**സെക്രട്ടറി** - നോർവിൻ റിബേര
**ജോയിന്റ് സെക്രട്ടറി** - റോൾസി ഷൈൻ
**ട്രഷറർ** - ജോജോ മൂഞ്ഞപ്പിള്ളി

**സബ് കമ്മിറ്റി**

**ഫിനാൻസ് കമ്മിറ്റി കൺവീനർ** - ജോസഫ് ഷൈൻ
**കലവറ കൺവീനർ** - സാന്റിൻ ആന്റണി
**ലിറ്റർജി കൺവീനർ** - അനീറ്റ കിരൺ
**ഫുഡ് കമ്മിറ്റി കൺവീനർ** - ആന്റണി ചക്കാലമുറ്റത്ത്
**സർവ്വീസ് കമ്മിറ്റി കൺവീനർ** - അലക്സ് കൊല്ലം പറമ്പിൽ
**പായസ കമ്മറ്റി കൺവീനർ** - മിനി സിൽവി കടേപറമ്പിൽ
**ക്ലീനിങ് കമ്മിറ്റി കൺവീനർ** - നിക്സൺ റോഡ്രിഗ്സ്

## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ





### പുൽക്കൂട് ഒരുക്കി

13-ാം ക്ലാസ് അധ്യാപകൻ ജോൺസൺ സാറും വിദ്യാർത്ഥികളും മറ്റു അധ്യാപകരും ചേർന്നു ക്രിസ്തുമസിന് പുൽക്കൂട് ഒരുക്കി.

## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ

തിരുനാൾ കൊടിയേറ്റ ദിനമായ ഡിസംബർ 2-ന് വിശ്വാസപരിശീലന ദിനമായി ആഘോഷിച്ചു. അധ്യാപകരും വിദ്യാർത്ഥികളും മാതാപിതാക്കളും ചേർന്നു ദിവ്യബലിക്ക് നേതൃത്വം നൽകി. വായന, വിശ്വാസികളുടെ പ്രാർത്ഥന കാഴ്ചവെയ്പ്പ് എന്നിവ അർപ്പിച്ചു.

**ക്രിസ്തുമസ് കരോൾ മത്സരം**



നവംബർ 30ന് ലിറ്റിൽ ഫ്ളവർ ഇൻസ്റ്റിറ്റ്യൂട്ട് കളമശ്ശേരി യിൽ വച്ച് നടന്ന 15 പള്ളികളിൽ നിന്നും പങ്കെടുത്ത ഫൊറോന തല ക്രിസ്തുമസ് കരോൾ മത്സര ത്തിൽ മഞ്ഞുമ്മൽ അമലോ ത്ഭവ മാതാ ദേവാലയത്തിലെ കുട്ടികൾ സെക്കൻഡ് പ്രൈസ് കരസ്ഥമാക്കി. പങ്കെടുത്ത എല്ലാ കുട്ടികൾക്കും അവരെ ഒരുക്കിയ ജുവാനും, ഡിയോളിനും ഇടവകയുടെ അഭിനന്ദനങ്ങൾ.....!

## അഭിനന്ദനങ്ങൾ



ഹോളി ഫാമിലി A കുടുംബ യൂണിറ്റ് അംഗം കൊടിപ്പറമ്പിൽ എബ്രാഹം സേവ്യറിന്റെയും എമി ലിയ സേവ്യറിന്റെയും മകൾ ആഗ്നൽ മറിയം സേവ്യർ കേരള ചാമ്പ്യൻ ഷിപ്പിൽ കരാട്ടെയ്ക്ക് സിൽവർ മെഡൽ കരസ്ഥമാക്കി. ഇടവകയുടെ അഭിനന്ദനങ്ങൾ.....!



സെന്റ് മേരിസ് യൂണിറ്റംഗം കുറ്റിക്കാപ്പറമ്പിൽ ആന്റണി തോമ സിന്റെയും വീണ തോമസിന്റെയും മകൾ അൻവിക തോമസ് കേരള ചാമ്പ്യൻഷിപ്പിൽ കരാട്ടെയ്ക്ക് മൂന്നാം സ്ഥാനം കരസ്ഥമാക്കി. ഇടവകയുടെ അഭിനന്ദനങ്ങൾ.....!



ഈ വർഷം പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കുന്ന കുട്ടികൾ അസിസ്റ്റന്റ് വികാരി ഫാ. ആൽബിൻ തോമസ് ഒ.സി.ഡി., ഹെഡ് മാസ്റ്റർ ആന്റണി രാജു, അധ്യാപകർ മേഴ്സി റൈസൺ, ജയിനി ഡേവിഡ് എന്നിവരോടൊപ്പം.





## നവാഗതർ

1) **എസ്തേർ ആന്റണി**

D/o കൊല്ലംപറമ്പിൽ ആന്റണി അലക്സ് & അനീറ്റ മാത്യു

2) **നതാനിയേൽ ജോസഫ് നവീൻ**

S/o പുത്തൻപുരയ്ക്കൽ നവീൻ & അഞ്ജന നവീൻ

3) **ഐശ്വര്യ മറിയം**

D/o അമ്മനംകുഴി അഭിലാഷ് രാജേഷ് & ഹെൽന അഭിലാഷ്

## ഒന്നായവർ

1) വട്ടത്തിൽ **അഖിൽ സാജൻ** &
കുഴുപ്പിള്ളിൽ **സനില റെജിൻ ജോയ്**

2) ആലപ്പാട്ട് **നിവിൻ ആന്റണി** &
വടശ്ശേരി **ആഷ്ന ഓസ്റ്റിൻ**

3) കോതേത്ത് **ജിജോയ് ജോർജ്** &
തൊട്ടിയിൽ **റോഷ്ന റോയി**



# നിത്യതയിലേക്ക്



**ആന്റണി**
പടമാട്ടുമ്മൽ



**പീറ്റർ**
കോയിപ്പറമ്പിൽ



**അന്നമ്മ ആന്റണി**
കാഞ്ഞൂക്കാരൻ



**എലിസബത്ത് തോമസ്**
പറത്തറ



**ഡൊമിനിക്ക്**
ചാലനാട്ട്

***"ആകയാൽ യേശു കർത്താവാണെന്നു അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും."   (റോമ 10,9)***

സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ-മെയിലിൽ അയക്കുകയോ ചെയ്യുക.



# GUARDIAN ANGEL'S UP SCHOOL

## Manjummel

**ADMISSION OPEN FOR 2026 - 27**

- സ്റ്റേറ്റ് ഇംഗ്ലീഷ് മീഡിയം
- LKG,UKG ക്ലാസ് 1 മുതൽ 7 വരെ
- ഡിജിറ്റൽ ക്ലാസ് റൂമുകൾ
- പ്രത്യേക പരിശീലനം നേടിയ അധ്യാപകർ
- വാഹന സൗകര്യം
- മികച്ച പരിശീലനം
- പാഠ്യേതര പ്രവർത്തനങ്ങൾ
- സൗഹൃദപരമായ അന്തരീക്ഷം

Contact Us:
9446062144 | 9447332627

**FOR CLASSES LKG to VII**




മഞ്ഞുമ്മൽ ഇടവകയിൽ രാവിലെ 6 മണിയുടെ ദിവ്യബലിക്ക് എല്ലാ ദിവസവും രാവിലെ 5 മണിക്ക് മുമ്പായി ജപമാല അർപ്പിച്ച് പ്രാർഥിക്കുന്ന മാതാപിതാക്കളെ ആദരിച്ചു.


160-ാം
ദർശന
തിരുന്നാൾ
സ്വസ്തി